**അന്തരിച്ച പ്രമുഖ പത്രപ്രവർത്തകൻ ടി.വി. അച്ചുതവാര്യരുടെ സ്മരണാർത്ഥം കേരളീയത്തിൽ അദ്ദേഹം എഴുതിയ മാധ്യമ ധാർമ്മികതയെക്കുറിച്ചുള്ള ലേഖനത്തിന്റെ ഭാഗങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നു**

# വായനക്കാർക്ക് ഇഷ്ടപ്പെട്ടത് വിളമ്പണോ?

സൈലന്റ് വാലി സമരം ഇന്നും മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്നു. കുന്തിപ്പുഴയിൽ അണകെട്ടി വൈദ്യുതോല്പാദനം നടത്തണമെന്ന കാര്യത്തിൽ, ഇവിടുത്തെ ഗവൺമെന്റ് മാത്രമല്ല സകല രാഷ്ട്രീയ കക്ഷികളും സകല ട്രേഡ് യൂണിയനുകളും, സകല മലയാള പത്രങ്ങളും സകല സർക്കാർ ശാസ്ത്രജ്ഞന്മാരും ഏകാഭിപ്രായക്കാരായിരുന്നു. ഇതിനെല്ലാമിടയിൽ 'അരുത്' എന്നു പറയാൻ, വാദിക്കാൻ, ശഠിക്കാൻ എക്സ്പ്രസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എന്നെ സംബന്ധിച്ചിടത്തോളം കുന്തിപ്പുഴയും സൈലന്റ് വാലിയുമെല്ലാം അതുവരെ ഒരു കൗതുകവസ്തുമാത്രമായിരുന്നു. ഇപ്പോൾ അമൃത ടെലിവിഷന്റെ തലപ്പത്തിരിക്കുന്ന നീലൻ അന്ന് എക്സ്പ്രസ്സിലുണ്ടായിരുന്നു. ഒരു ദിവസം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ഒരു കോപ്പി അദ്ദേഹം എന്റെ കയ്യിൽ കൊണ്ടുവന്നുതന്നു. അതിൽനിന്നാണ് ഞാൻ ആദ്യമായി സൈലന്റ് വാലി ഒരു തമാശമാത്രമല്ലെന്ന് മനസ്സിലാക്കിയത്. ഗുരുതരമായ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ നാനാവശങ്ങൾ സൂക്ഷ്മമായി പഠിക്കുന്നത് ഒരു പത്രക്കാരനെന്നനിലയിൽ എന്റെ സ്വഭാവമായിരുന്നു. അങ്ങനെ ഞാൻ സൈലന്റ് വാലി പഠനത്തിൽ ആമഗ്നനായി. സർക്കാരിന്റെ അവകാശവാദങ്ങളെല്ലാം വെറും മിഥ്യകളാണെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടതായി വന്നില്ല. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി രംഗത്തുവന്ന കപടശാസ്ത്രജ്ഞന്മാരായിരുന്നു വലിയ തലവേദന. പത്രാധിപരായ ബാലകൃഷ്ണനും അസോഷ്യേറ്റ് എഡിറ്ററായ കരുണാകരൻ നമ്പ്യാരും പൂർണ്ണ പിന്തുണ നൽകുക കൂടി ചെയ്തപ്പോൾ എന്റെ പഠനം ജെറ്റ് സ്പീഡിലായിത്തീർന്നു.

എക്സ്പ്രസ്സിന്റെയോ മറ്റാരുടെയെങ്കിലുമോ സമരം കൊണ്ടാണ് സൈലന്റ് വാലി രക്ഷപ്പെട്ടതെന്നു പറയുന്നത് ശുദ്ധ കാപട്യമായിരിക്കും. ഇന്ദിരാഗാന്ധിയുടെ പരിസ്ഥിതി സംരക്ഷണ വ്യഗ്രത ഒന്നുമാത്രമാണ് സൈലന്റ് വാലിയെ രക്ഷിച്ചത്. പക്ഷെ ഇന്ദിരാഗാന്ധിയുടെ ആ തീരുമാനം പുറത്തുവരുന്നതുവരെ സൈലന്റ് വാലിക്കുവേണ്ടി പോരാടാൻ ചിലർ അത്യാവശ്യമായിരുന്നു. ഒട്ടേറെ സന്നദ്ധസംഘടനകൾ ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചിട്ടുണ്ട്. അതിലൊന്നായിരുന്നു എക്സ്പ്രസ്സ്.



ഫോട്ടോ: അജിലാൽ

...... ഇതിനെല്ലാമിടയിൽ പത്രങ്ങൾ എവിടെനിൽക്കുന്നു? തത്വനിഷ്ടയോടെ പ്രവർത്തിക്കുന്ന പത്രങ്ങൾ എത്രയുണ്ടാകും? തൃശൂരിൽ വിതരണം ചെയ്യുന്ന പത്രത്തിൽ കൊച്ചിയിലേയോ മലപ്പുറത്തേയോ വാർത്തകളൊന്നും തന്നെ ഉണ്ടാകില്ല. കേരളത്തിൽ എന്തു നടക്കുന്നു എന്നറിയണമെന്ന് നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഓരോ പത്രത്തിന്റെയും പതിനാലു ജില്ലാ എഡിഷനുകൾ നിങ്ങൾ വാങ്ങേണ്ടിവരും. അതിന്ന് കഴിവോ സൗകര്യമോ ഇല്ലെങ്കിൽ, പത്രാധിപർ വിളമ്പിത്തരുന്ന പ്രാദേശിക വാർത്തകൾ കൊണ്ട്, നിങ്ങൾ തൃപ്തിപ്പെടേണ്ടിവരും. സ്ഥിതിഗതികൾ വളരെ ദയനീയമാണ്. കൂപമണ്ഡൂകങ്ങൾ എന്നൊരു പ്രയോഗമുണ്ട്. കിണറ്റിലെ തവളയുടെ ലോകം, ആ കിണറിന്റെ വിസ്തീർണ്ണത്തോളം മാത്രമാണ്. അതിന്നപ്പുറം ഒരു ലോകമുള്ളതായി തവളക്കറിയില്ല. നമ്മുടെ പത്രങ്ങൾ വായിക്കുന്നവരും ഇന്ന് കൂപമണ്ഡൂകങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

പത്രപ്രവർത്തകർ വല്ലാത്തൊരു പ്രതിസന്ധിയെയാണ് ഇന്ന് അഭിമുഖീകരിക്കുന്നത്. വായനക്കാർക്ക് ഇഷ്ടപ്പെട്ടത് വിളമ്പി കൊടുക്കാൻ പത്രത്തെ ഉപയോഗിക്കണോ? അതോ, ജനങ്ങളെ ഉദ്ബുദ്ധരാക്കാൻ തുനിയണോ? ജനങ്ങൾ അവർക്കിഷ്ടപ്പെട്ടതിന്റെ പിന്നാലെ പോകുന്നതിനെ തടയാനാവില്ല. അപ്പോൾ പത്രത്തിന്റെ പ്രചാരം കുറയും; പരസ്യം വകയിലുള്ള വരുമാനം കുറയും; പത്രത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകും. ഇവിടെയാണ് ആദർശനിഷ്ഠ പ്രസക്തമാകുന്നത്. ഓരോരോ പത്രത്തിനും അതിന്റേതായ ദൗത്യം ഉണ്ടായിരിക്കണം. ജനങ്ങളുടെ ഇഷ്ടമല്ല, നീതിക്കും ന്യായത്തിനും വേണ്ടിയുള്ള നിലനില്പ്പാണ് കാര്യമെന്നു വന്നാൽ പിന്നെ സന്ദേഹങ്ങൾക്കൊന്നും സ്ഥാനമില്ലാതാവും. "വായനക്കാർ ബഹിഷ്ക്കരിക്കുകയാണെങ്കിൽ, അവരങ്ങട് ബഹിഷ്ക്കരിക്കട്ടെ" എന്നു പറഞ്ഞ പത്രാധിപരുടെ തത്വനിഷ്ഠ ഒരു പ്രചോദനമായിത്തീരുന്നത് ഇവിടെയാണ്. *(ഒക്ടോബർ, 2010)*